ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിലകത്ത് സുബ്രഹ്മണ്യൻ: വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ, താലൂക്ക് വ്യവസായ ഓഫീസ് ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂർ താലൂക്കിലെ പ്രധാന നഗരമായ വണ്ടൂർ ടൗണിലുള്ള ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഇൻഫർമേഷൻ സെന്ററിൽ, പുതുതായി സ്റ്റാഫിനെ നിയമിക്കാതെ ജില്ലയിൽ തന്നെയുള്ള അധിക സ്റ്റാഫിനെ ഉപയോഗിച്ച് പുതിയ താലൂക്ക് വ്യവസായ ഓഫീസ് പ്രവർത്തനം ആരംഭിക്കണമെന്ന് നാട്ടുകാരിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മീഷൻ

10 [2147] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ബി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ബീഡി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

11 [2148] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly